**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192** **24-06-2024 - ൽ മറുപടിയ്ക്ക്**

**മിഷൻ 1000 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മിഷൻ 1000 പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരളത്തിലെ MSME-കളിൽ നിന്നും തിരഞ്ഞെടുത്ത 1000-MSME കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ യാണ് എം.എസ്.എം.ഇ-കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്.<br><br>ഈ പദ്ധതിയിലേക്കുള്ള അപേക്ഷകൾ സ്വീകരിക്കാൻ വേണ്ടി വ്യവസായവകുപ്പ് ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങുകയും അതിലൂടെ അപേക്ഷകൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ തലത്തിൽ പരിശോധിച്ച് സ്റ്റേറ്റ് ലെവൽ അപ്രൂവൽ കമ്മിറ്റി (SLAC) യുടെ അംഗീകാരത്തിനായി സമർപ്പിക്കും.<br><br>ഇത് വരെ ലഭിച്ച അപേക്ഷകളിൽ 255 അപേക്ഷകൾ SLAC യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും, അവയിൽ നിന്നും 60 മാർക്കിനു മുകളിൽ സ്കോർ ചെയ്ത 149 അപേക്ഷകരെ മിഷൻ 1000 പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കൂടുതൽ സ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അവസരം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്, മിഷൻ 1000 പദ്ധതിയെക്കുറിച്ചും അതിന്റെ ആനുകൂല്യങ്ങളെക്കുറിച്ചും MSME കളുടെ ഇടയിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് കൂടുതൽ യൂണിറ്റുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ ഏറ്റെടുത്തു വരികയാണ്. ഇത് വരെ ലഭിച്ച |

| | | | |
|---|---|---|---|
| | | | അപേക്ഷകളിൽ 255 അപേക്ഷകൾ SLAC യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും, അവയിൽ നിന്നും 60 മാർക്കിനു മുകളിൽ സ്കോർ ചെയ്ത 149 അപേക്ഷകരെ മിഷൻ 1000 പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട് |
| (സി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സംരംഭങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പദ്ധതിയിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾ പാലിച്ചുകൊണ്ട്, പദ്ധതിയിൽ അപേക്ഷിക്കുന്ന ആദ്യത്തെ 1000 MSME കളെയാണ് മിഷൻ 1000 പദ്ധിതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നത്.<br><br>സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:<br><br>1.. UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം<br><br>2. 31/03/2023 വരെ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം<br><br>3. നിർമാണമേഖലയിലോ സേവനമേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം |

സെക്ഷൻ ഓഫീസർ